ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.08.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 AM**

1. ഗുജറാത്തിൽ വിവിധ ട്രെയിൻ സർവ്വീസുകൾക്ക് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് തുടക്കം കുറിക്കും.

   Union Railway Minister Ashwini Vaishnav will flag off various train services in Gujarat today.

2. ജമ്മു കാശ്മീരിലെ കുൽഗാമിൽ മൂന്നാം ദിവസവും ഭീകരവിരുദ്ധ ഓപ്പറേഷൻ തുടരുന്നു.

   Anti-terror operation continues for the third consecutive day in Kulgam, Jammu and Kashmir.

3. കേരളത്തിൽ തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാൻ വ്യാഴാഴ്ച വരെ അവസരം.

   In Kerala August 7th is the last day to register the names in the voter list for the local body general elections.

4. സിനിമാ നയ രൂപീകരണത്തിന് മുതൽക്കൂട്ടാകുന്ന കേരള ഫിലിം പോളിസി കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് സമാപനം.

   Kerala Film Policy Conclave, which contributes to the formulation of film policy, will concludes today in Thiruvananthapuram.

5. കേരളത്തിൽ മഴ വീണ്ടും ശക്തമാകുന്നു; നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; ഉയർന്ന തിരമാലയ്ക്ക് സാധ്യതയെന്ന് മുന്നറിയിപ്പ്.

   Rain intensifies again in Kerala; Orange alert in four districts; High tide warning.

**6. ഓവൽ ക്രിക്കറ്റ് ടെസ്റ്റിലെ അവസാന മത്സരത്തിൽ ഇന്ത്യക്കെതിരായ രണ്ടാം ഇന്നിങ്സ് ഇംഗ്ലണ്ട് ഇന്ന് പുനഃരാരംഭിക്കും**

**In Oval cricket test, England will resume the second innings against India in the final match today.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## GUJ: ASHWINI VAISHNAW

കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ഗുജറാത്തിലെ ഭാവ്നഗർ റെയിൽവേ സ്റ്റേഷനിൽ ഭാവ്നഗർ-അയോധ്യ പ്രതിവാര ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്യും. രേവ മുതൽ പുനെ വരെയും, ജബൽപൂർ മുതൽ റായ്പൂർ വരെയുള്ള മറ്റു രണ്ടു ട്രെയിൻ സർവീസുകളും അദ്ദേഹം വെർച്വലായി ഉദ്ഘാടനം ചെയ്യും. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ, മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ്, ഛത്തീസ്ഗഡ് മുഖ്യമന്ത്രി വിഷ്ണു ദിയോ സായ്, കേന്ദ്ര മന്ത്രിമാരായ മൻസുഖ് മാണ്ഡവ്യ,
എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## BIHAR ELECTORAL ROLLS

ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ച് 24 മണിക്കൂർ പിന്നിടുമ്പോഴും പരാതിയൊന്നും ലഭിച്ചിട്ടില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. അർഹരായ വോട്ടർമാരെ ഒഴിവാക്കിയെന്നോ അർഹരല്ലാത്തവർ കടന്നുകൂടിയെന്നോ പരാതിയില്ല. ബിഹാറിലെ വോട്ടർപ്പട്ടിക പരിഷ്ക്കരണത്തെക്കുറിച്ച് പാർലമെന്റിൽ ഭരണപ്രതിപക്ഷ അംഗങ്ങൾ തമ്മിൽ നേരത്തെ തർക്കത്തിലേർപ്പെട്ടിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## REMUNERATION-BLOs

ബൂത്ത് ലെവൽ ഓഫീസർമാരുടെ വേതനം വർദ്ധിപ്പിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. ആറായിരത്തിൽ നിന്ന് പന്ത്രണ്ടായിരം രൂപയായാണ് വർദ്ധന. വോട്ടർ പട്ടിക പരിഷ്കരണത്തിനുള്ള ഇൻസെന്റീവ് ആയിരം രൂപയിൽ നിന്ന് രണ്ടായിരം രൂപയായി വർദ്ധിപ്പിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## VOTERLIST (INTRO)

കേരളത്തിൽ തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ വ്യാഴാഴ്ച വരെ അവസരം. അന്തിമ വോട്ടർപട്ടിക അടുത്ത മാസം 30-ന് പ്രസിദ്ധീകരിക്കും.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ് ആകാശവാണി വാർത്തകളോട്.............

(വോയ്സ്)

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## FSSAI-AYURVEDA AAHARA

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ ആയുർവേദ ഭക്ഷണക്രമങ്ങളുടെ പട്ടിക പുറത്തിറക്കി. പരമ്പരാഗത ഭക്ഷ്യവിജ്ഞാനത്തെ മുഖ്യധാരയിലെത്തിക്കാൻ അതോറിറ്റിയുടെ നടപടി സഹായകമാകും. ആധികാരിക ആയുർവേദ ഗ്രന്ഥങ്ങളിൽ നിന്നുള്ള പാചകക്കുറിപ്പുകൾ, ചേരുവകൾ, പ്രക്രിയകൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഭക്ഷണങ്ങളെയാണ് ചട്ടങ്ങളിലൂടെ അംഗീകരിക്കുന്നത്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## Kulgam- Anti-terrorist operation

ജമ്മു കാശ്മീരിലെ കുൽഗാമിൽ തുടർച്ചയായ മൂന്നാം ദിവസവും ഭീകരവിരുദ്ധ ഓപ്പറേഷൻ തുടരുന്നു. കഴിഞ്ഞ രണ്ട് ദിവസത്തിനിടെ നടന്ന ഏറ്റുമുട്ടലിൽ സൈന്യം രണ്ട് ഭീകരരെ വധിച്ചു. ഭീകര സംഘത്തിലെ മറ്റൊരാൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. കുൽഗാമിലെ അഖൽ വനമേഖലയിൽ ഭീകരരുടെ സാന്നിധ്യം സംബന്ധിച്ച രഹസ്യ വിവരങ്ങളെത്തുടർന്ന് വെള്ളിയാഴ്ചയാണ് കരസേന, സിആർപിഎഫ്, പോലീസ് എന്നിവ സംയുക്തമായി തെരച്ചിൽ ആരംഭിച്ചത്. കൊല്ലപ്പെട്ട രണ്ട് ഭീകരരും തദ്ദേശവാസികളാണെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ഒളിച്ചിരിക്കുന്ന തീവ്രവാദികളുടെ എണ്ണം മൂന്നിൽ കൂടുതലാകാമെന്നതിനാൽ ഓപ്പറേഷൻ തുടരുകയാണ്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## INDIA AT WORLD EXPO- JAPAN

ജപ്പാനിൽ, ഒസാക്കയിൽ നടക്കുന്ന ആഗോള പ്രദർനത്തിലെ ഇന്ത്യൻ പവലിയനിൽ ഇന്നലെ 20,000 ത്തിലധികം സന്ദർശകരെത്തി. ഇന്ത്യയുടെ സാംസ്കാരിക പൈതൃകം, ബഹിരാകാശ നേട്ടങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ പ്രദർശനത്തിനുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## KERALA POLICY CONCLAVE

കേരള ഫിലിം പോളിസി കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും. നിയമസഭയിലെ ആർ ശങ്കരനാരായണൻ തമ്പി മെംബേർസ് ലോഞ്ചിൽ വൈകുന്നേരം നടക്കുന്ന സമാപന സമ്മേളനം ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷത വഹിക്കും.

ഫിലിം ടൂറിസം, ഫിലിം ആർക്കൈവിംഗ്, ഫിലിം ഫെസ്റ്റിവൽ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ചർച്ച പുരോഗമിക്കുകയാണ്. 9 സെഷനുകളിലായി സിനിമയുടെ വിവിധ വശങ്ങൾ ചർച്ച ചെയ്യു കോൺക്ലേവിൽ രാജ്യത്തിനകത്തും പുറത്തു നിന്നുമായി നിരവധി പ്രമുഖ വ്യക്തികൾ പങ്കെടുത്തു. ചർച്ചകളിൽ ഉയർന്നു വരുന്ന ആശയങ്ങൾ ക്രോഡീകരിച്ച് സിനിമാ നയത്തിൽ ഉൾപ്പെടുത്തും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## GOVERNOR – MINISTERS MEETING

കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുമായി മന്ത്രിമാരായ പി.രാജീവും ആർ.ബിന്ദുവും കൂടിക്കാഴ്ച നടത്തി. രാജ്ഭവനിലായിരുന്നു കൂടിക്കാഴ്ച്ച. സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിസിമാരുടെ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചയായെന്നാണ് സൂചന. സുപ്രീം കോടതി വിധിയെത്തുടർന്ന് സാങ്കേതിക, ഡിജിറ്റൽ സർവ്വകലാശാലകളിൽ താത്കാലിക വിസിമാർക്ക് ചാൻസലർ കൂടിയ ഗവർണർ പുനർനിയമനം നൽകിയിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PROF M K SANU

സാഹിത്യ നിരൂപകനും എഴുത്തുകാരനും ചിന്തകനുമായ പ്രൊഫ. എം കെ സാനുവിന്റെ സംസ്കാരം ഇന്ന് നടക്കും . രാവിലെ വസതിയിലെത്തിച്ച ഭൗതിക ശരീരം പത്തുമണിയോടെ എറണാകുളം ടൗൺഹാളിൽ പൊതു ദർശനത്തിന് വച്ചു . വൈകിട്ട് എറണാകുളം രവിപുരം ശ്മശാനത്തിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം .

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## V B AJAYAKUMAR

മനുഷ്യാവകാശ, പരിസ്ഥിതി പ്രവർത്തകനും ചിന്തകനുമായ വി ബി അജയകുമാർ അന്തരിച്ചു.

48 വയസായിരുന്നു. ദളിത്, ആദിവാസി, പാർശ്വവൽകൃത സമൂഹങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന റൈറ്റ്സ് എന്ന എൻ ജി ഒയുടെ സ്ഥാപകനാണ്. സംസ്ക്കാരം വൈകിട്ട് അഞ്ചിന് കൊടുങ്ങല്ലൂർ ചപ്പാറ ശ്മശാനത്തിൽ നടക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## RAIN-KERALA (INTRO)

കേരളത്തിൽ മഴ വീണ്ടും ശക്തമാകുന്നു. ഇന്ന് നാലും നാളെ മൂന്നും ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ എം.സ്മിതി

(വോയിസ്)

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## CRICKET- IND-ENG TEST

ഓവൽ ക്രിക്കറ്റ് ടെസ്റ്റ് ആവേശകരമായ അന്ത്യത്തിലേക്ക്. ഇന്ത്യ മുന്നോട്ടുവച്ച 374 റൺസ് വിജയലക്ഷ്യം പിന്തുടരുന്ന ഇംഗ്ലണ്ട് ഇന്നലെ ഒരു വിക്കറ്റ് നഷ്ടത്തിൽ 50 റൺസ് നേടി. അഞ്ചാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യക്കെതിരായ രണ്ടാം ഇന്നിങ്സ് ഇംഗ്ലണ്ട് ഇന്ന് പുനഃരാരംഭിക്കും. ഉച്ചകഴിഞ്ഞ് 3:30 നാണു മത്സരം. നിലവിൽ ഇംഗ്ലണ്ട് 2-1 എന്ന നിലയിൽ മുന്നിലാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## LONG JUMP- GOLD

കസാക്കിസ്ഥാനിൽ നടക്കുന്ന വേൾഡ് അത്‌ലറ്റിക്സ് കോണ്ടിനെന്റൽ ടൂർണമെന്റ് ലോംഗ് ജമ്പിൽ ഇന്ത്യയുടെ മുരളി ശ്രീശങ്കറിനു സ്വർണ്ണം. ആദ്യ ശ്രമത്തിൽ തന്നെ 7.94 മീറ്റർ ചാടിയാണ് മുരളി ശ്രീശങ്കർ സുവർണ്ണ നേട്ടം സ്വന്തമാക്കിയത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## P A MUHAMMED RIYAS

ജീവിതത്തിലെ പ്രതിസന്ധികളോടും വേദനകളോടും പൊരുതാൻ കുട്ടികളിൽ കായിക മനോഭാവം വളർത്തണമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. ഇംഗ്ലണ്ടിൽ നടക്കുന്ന ഇൻറർ കോണ്ടിനൻറൽ കപ്പ് സെറിബ്രൽ പാൾസി ഫുട്ബോളിനുള്ള വുമൺസ് ടീം പ്രഖ്യാപനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി. സമൂഹത്തിന് പുതിയ പ്രതീക്ഷയും ഊർജവും മാതൃകയുമാവുകയാണ് ഇന്റർ കോണ്ടിനന്റൽ കപ്പിൽ പങ്കെടുക്കുന്ന ദേശീയ സെറിബ്രൽ പാൾസി ഫുട്ബോൾ ടീമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PRADHAN MANTHRI RASHTRIYA BAL PURASKAR

വിവിധ മേഖലകളിൽ മികച്ചപ്രകടനം കാഴ്ചവെക്കുന്ന കുട്ടികൾക്കായി കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം ഏർപ്പെടുത്തിയ പ്രധാൻ മന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരത്തിനു അപേക്ഷിക്കുന്നതിനുള്ള തിയ്യതി ഈ മാസം 15 വരെ നീട്ടി. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച 18 വയസിൽ താഴെയുള്ള കുട്ടികളെയാണ് അവാർഡിന് പരിഗണിക്കുന്നത്. അപേക്ഷകൾ awards.gov.in എന്ന വെബ്സൈറ്റിൽ സമർപ്പിക്കണം.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## AFGHAN-PAK

രജിസ്ട്രേഷൻ കാർഡുകളുടെ കാലാവധി ജൂൺ 30 ന് അവസാനിച്ച പാകിസ്ഥാന്റെ വടക്കുപടിഞ്ഞാറൻ പ്രവിശ്യയിലുള്ള അഫ്ഗാൻ പൗരന്മാരോട് രാജ്യം വിടാൻ നിർദ്ദേശം. രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ അഫ്ഗാൻ പൗരന്മാരുടെ പാകിസ്ഥാനിലെ താമസം നിയമവിരുദ്ധമായി കണക്കാക്കുമെന്ന് ഔദ്യോഗിക വിജ്ഞാപനത്തിൽ പറയുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## Ukrainian Drones Destroyed

കരിങ്കടൽ, അസോവ് കടൽ എന്നിവയുൾപ്പെടെ നിരവധി പ്രദേശങ്ങൾക്ക് മുകളിലൂടെ ഇന്നലെ രാത്രി പറന്ന 112 യുക്രൈൻ ഡ്രോണുകൾ റഷ്യൻ വ്യോമ പ്രതിരോധ സേന തടയുകയും നശിപ്പിക്കുകയും ചെയ്തതായി പ്രതിരോധ മന്ത്രാലയത്തെ ഉദ്ധരിച്ച് റഷ്യൻ വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## DAY CHILE – MINE

ലോകത്തിലെ ഏറ്റവും വലിയ ഭൂഗർഭ ഖനിയായ എൽ ടെനിയന്റ് ചെമ്പ് ഖനിയിൽ ഭൂകമ്പത്തെത്തുടർന്ന് കുടുങ്ങിയ തൊഴിലാളികൾക്കായി നടത്തിയ തിരച്ചിലിനിടെ മനുഷ്യാവശിഷ്ടങ്ങൾ കണ്ടെത്തി. ഇതോടെ മരണസംഖ്യ രണ്ടായി. ലോകത്തിലെ ഏറ്റവും വലിയ ചെമ്പ് ഉൽപ്പാദക രാജ്യമായ ചിലിയുടെ ഖനന വ്യവസായം ലോകത്തിലെ ഏറ്റവും സുരക്ഷിതമായ ഒന്നായാണ് കണക്കാക്കപ്പെടുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## CANADA WILDFIRES

കാനഡയിൽ കാട്ടുതീ പടർന്നുള്ള പുകയെ തുടർന്ന് യുഎസിലെ പല സംസ്ഥാനങ്ങളിലും വായു ഗുണനിലവാര മുന്നറിയിപ്പുകൾ നൽകി. നിരവധി പ്രദേശങ്ങളിൽ നിയന്ത്രണ വിധേയമല്ലാത്ത തീപിടുത്തങ്ങൾ ഉണ്ടായതായി റിപ്പോർട്ടുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## ONAM –KHADI SPECIAL REBATE

ഓണം പ്രമാണിച്ച് ഖാദി വസ്ത്രങ്ങളുടെ ചില്ലറ വിൽപനയ്ക്ക് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സ്പെഷ്യൽ റിബേറ്റ് നൽകും. അടുത്തമാസം 4 വരെ സിൽക്ക് തുണിത്തരങ്ങൾക്ക് 30 ശതമാനവും പോളി, വൂളൻ വസ്ത്രങ്ങൾക്ക് 20 ശതമാനവും സ്പെഷ്യൽ റിബേറ്റ് ലഭിക്കുമെന്ന് ബോർഡ് വൈസ് ചെയർമാൻ പി. ജയരാജൻ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## J P NADDA-ORGAN DONATION

ഇന്ത്യയിലെ അവയവദാന, മാറ്റിവയ്ക്കൽ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത ആവർത്തിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദ. രാജ്യത്തുടനീളം അവയവ മാറ്റിവയ്ക്കൽ സമയബന്ധിതവും സുഗമവുമാണെന്ന് ഉറപ്പാക്കുന്നതിനുള്ള സംരംഭങ്ങൾ കാര്യക്ഷമമാക്കുന്നുണ്ടെന്ന് അദ്ദേഹം അടിവരയിട്ടു. നാഷണൽ ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ സംഘടിപ്പിച്ച 15-ാമത് ഇന്ത്യൻ അവയവദാന ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നൂതന ശസ്ത്രക്രിയാ കഴിവുകൾ പ്രദർശിപ്പിക്കുന്ന ഇന്ത്യ ഇപ്പോൾ അവയവ കൈമാറ്റ ശസ്ത്രക്രിയകളിൽ ലോകത്ത് മുന്നിലാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

*

*********

*********************************